ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99ലെ വാർഷിക പദ്ധതിക്ക് സംസ്ഥാനം നിർദ്ദേശിച്ച തുക എത്രയാണ്;

(ബി) ഇതു മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലായിരുന്നു;

(സി) പ്രസ്തുത വർഷത്തേക്ക് പദ്ധതി നടത്തിപ്പിന് അനുവദിച്ചു കിട്ടിയ തുകയെത്രയായിരുന്നു;

(ഡി) 1998-99-ലെ വാർഷിക പദ്ധതിക്ക് അംഗീകരിച്ചു കിട്ടിയ തുക മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലായിരുന്നു;

(ഇ) 1998-99-ലെ വാർഷിക പദ്ധതിക്ക് കൃഷി, വ്യവസായം, വൈദ്യുതി, സ്വയംതൊഴിൽ കണ്ടെത്തൽ, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, പട്ടിക ജാതി-പട്ടികവർഗ്ഗക്ഷേമം, സാമൂഹ്യക്ഷേമപരിപാടികൾ, ഗതാഗതം, സഞ്ചാര സൗകര്യ വികസനം എന്നിവയ്ക്കുവേണ്ടി എന്തു തുകവീതം നീക്കിവച്ചു എന്നും അതിൽ എന്തു തുകവീതം ചെലവായി എന്നും അറിയിക്കുമോ?

ഉത്തരം

(എ) 3100 കോടി രൂപ.

(ബി) 8.6 ശതമാനം.

(സി) 3100 കോടി രൂപ.

(ഡി) 8.6 ശതമാനം.

(ഇ) വിശദാംശങ്ങൾ ഇതോടൊപ്പം വച്ചിട്ടുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു.

11 (11) വിവിധ വർഷങ്ങളിലെ വാർഷിക പദ്ധതിക്കുവേണ്ടി നിർദ്ദേശിച്ചിട്ടുള്ള തുക

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-95, 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലോരോന്നിലേയും വാർഷിക പദ്ധതിക്കുവേണ്ടി നിർദ്ദേശിച്ച തുക എത്രയെന്നും അംഗീകരിച്ചു കിട്ടിയ തുക എത്രയെന്നും അറിയിക്കുമോ;

(ബി) ഇതിൽ ഓരോ വർഷവും അതിന്റെ മുൻവർഷത്തേക്കാൾ എത്ര ശതമാനം തുക വീതം കൂടുതൽ നിർദ്ദേശിച്ചുവെന്നും എത്ര ശതമാനം തുക വീതം കൂടുതൽ അംഗീകരിച്ച് കിട്ടിയെന്നും അറിയിക്കുമോ;

(സി) മുൻപറഞ്ഞ ഓരോ വർഷവും പദ്ധതിക്കുവേണ്ടി എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly